## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 12. 2. 2013 - ലെ മറുപടിക്ക്

നമ്പർ: 2209

### കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 8142/E2/11/VIG പ്രകാരം വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ ; | (എ) വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ, നാഷണൽ ബുക്ക് ട്രസ്റ്റിൻെറ ഒരു വ്യാജരേഖ തയ്യാറാക്കി എന്നതും തളിര് മാസിക പ്രസിദ്ധീകരിക്കുന്നതിലെ സാമ്പത്തിക നഷ്ടത്തെ സംബന്ധിച്ചും പ്രസ്തുത അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; | (ബി) ഉൾപ്പെട്ടിട്ടുണ്ട്. |
| (സി പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത റിപ്പോർട്ടിൻമേൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ? | (സി) യും (ഡി) യും പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 4.10.2012 ൽ സർക്കാരിൽ സമർപ്പിച്ചു. ആയത് 5.11.2012 ലെ 12894/ഇ2/12/വിജി. നമ്പർ കത്ത് പ്രകാരം സാംസ്ക്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അറിവിലേയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. |

Manjit

സെക്ഷൻ ആഫീസർ